മലയാള മനോരമ

# കടൽത്തീരത്തെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചു

ചാവക്കാട് ● ലോക സമുദ്രദിനത്തോടനുബന്ധിച്ച് എൽത്തുരുത്ത് സെന്റ് അലോഷ്യസ് കോളജും ചാവക്കാട് നഗരസഭയും ഗ്രീൻഹാബിറ്റാറ്റും ചേർന്ന് ചാവക്കാട് ബ്ലാങ്ങാട് കടൽത്തീരത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചു.

120 കിലോ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചു. നഗരസഭാധ്യക്ഷ ഷീജ പ്രശാന്ത് ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ.ചാക്കോ ജോസ്, കോ-ഓഡിനേറ്റർമാരായ ജയിൻ തേറാട്ടിൽ, എൻ.ജെ.ജയിംസ്, ജയ്സൺ ജോസ്, മെറിൻ ജോയ്, ഫാ.അരുൺ ജോസ് എന്നിവർ നേതൃത്വം നൽകി.



ചാവക്കാട് നഗരസഭയും എൽതുരുത്ത് സെന്റ് അലോഷ്യസ് കോളജും ചേർന്ന് ചാവക്കാട് ബ്ലാങ്ങാട് കടൽതീരത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ വൃത്തിയാക്കിയപ്പോൾ.

11/06/2024 | Thrissur(Guruvayoor) | Page : 4
Source : https://epaper.manoramaonline.com/

Mathrubhumi
മാതൃഭൂമി

# സമുദ്രദിനം; ബ്ലാങ്ങാട് നിന്ന് ശേഖരിച്ചത് 120 കിലോ പ്ലാസ്റ്റിക് മാലിന്യം

ചാവക്കാട് ▸ ലോക സമുദ്രദിനത്തിന്റെ ഭാഗമായി എൽത്തുരുത്ത് സെയ്ന്റ് അലോഷ്യസ് കോളേജിലെ എൻ.എസ്.എസ്. വിദ്യാർഥികളും സുവോളജി, ബോട്ടണി വിദ്യാർഥികളും ബ്ലാങ്ങാട് കടപ്പുറത്തുനിന്ന് ശേഖരിച്ചത് 120 കിലോ പ്ലാസ്റ്റിക് മാലിന്യം.

ചാവക്കാട് നഗരസഭ, പരിസ്ഥിതിസംഘടനയായ ഗ്രീൻ ഹാബിറ്റാറ്റ് എന്നിവയുടെ സഹകരണത്തോടെയാണ് കടൽത്തിരം ശുചീകരിച്ചത്. നഗരസഭ ചെയർപേഴ്സൺ ഷീജാ പ്രശാന്ത് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോക്ടർ പി. ചാക്കോ ജോസ് അധ്യക്ഷനായി.



ലോക സമുദ്രദിനത്തിന്റെ ഭാഗമായി ബ്ലാങ്ങാട് കടപ്പുറത്തുനിന്ന് ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളുമായി എൽത്തുരുത്ത് സെയ്ന്റ് അലോഷ്യസ് കോളേജിലെ വിദ്യാർഥികൾ

കോ-ഓർഡിനേറ്റർമാരായ ജയിൻ തേറാട്ടിൽ, എൻ.ജെ. ജെയിംസ്, ജയ്സൺ ജോസ്, മെറിൻ ജോയ്, ഫാ. അരുൺ ജോസ് എന്നിവർ നേതൃത്വം നൽകി. ഗ്രീൻ ഹാബിറ്റാറ്റിന്റെ നേതൃത്വത്തിൽ സമുദ്രപഠന ക്ലാസുകൾ സംഘടിപ്പിച്ചു. കടൽത്തീരത്തുനിന്ന് ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം നഗരസഭയുടെ ഹരിതകർമസേനയ്ക്ക് കൈമാറി. അമ്പതോളം വിദ്യാർഥികളാണ് ശുചീകരണത്തിൽ പങ്കെടുത്തത്.

11/06/2024 GURUVAYUR Pg 02

രാജ്യസഭാ സീറ്റ് സിപിഐക്കും മാണി ഗ്രൂപ്പിനും നല്കി സിപിഎം 10

# ജന്മഭൂമി

അഭിമാനപൂർവം ബുംറ

11

Janmabhumi, The National Daily in Malayalam Since 1975

www.janmabhumi.in

# ചാവക്കാട് കടപ്പുറം പ്ലാസ്റ്റിക് വിമുക്തമാക്കി



ചാവക്കാട് കടപ്പുറം പ്ലാസ്റ്റിക് വിമുക്തമാക്കുന്ന ചടങ്ങ് ഷീജപ്രശാന്ത് ഉദ്ഘാടനം ചെയ്യുന്നു

**ചാവക്കാട്:** ലോക സമുദ്ര ദിനത്തോടനുബന്ധിച്ച് എൽതുരുത്ത് സെന്റ് അലോഷ്യസ് കോളേജും, ചാവക്കാട് നഗരസഭയും, ഗ്രീൻ ഹാബിറ്റാറ്റിന്റെ സഹകരണത്തോടുകൂടി ചാവക്കാട് കടപ്പുറം പ്ലാസ്റ്റിക് വിമുക്തമാക്കി. ചാവക്കാട് നഗരസഭ ചെയർപേഴ്സൺ ഷീജപ്രശാന്ത് ഉദ്ഘാടനം ചെയ്തു. ഡോ. ചാക്കോ ജോസ്, ജയിൻ തേറാട്ടിൽ, എൻ.ജെ. ജെയിംസ്, ജയ്സൺ ജോസ് മെറിൻ ജോയ്, ഫാദർ അരുൺ ജോസ് എന്നിവർ നേതൃത്വം നൽകി.

ഗ്രീൻ ഹാബിറ്റാറ്റിന്റെ നേതൃത്വത്തിൽ സമുദ്ര പഠന ക്ലാസുകൾ സംഘടിപ്പിച്ചു. ഏകദേശം 120 ഓളം കിലോ പ്ലാസ്റ്റിക് കടൽ തീരത്ത് നിന്ന് ശേഖരിച്ച് ഹരിത കർമ്മസേനയ്ക്ക് കൈമാറി. സുവോളജി ബോട്ടണി എൻഎസ്എസ് വിഭാഗത്തിലെ അമ്പതോളം വിദ്യാർത്ഥികളാണ് പരിപാടിയിൽ പങ്കെടുത്തത്.

ദീപിക



ചാവക്കാട് കടൽത്തീരത്തെ പ്ലാസ്റ്റിക് മാലിന്യം നീക്കംചെയ്ത സംഘാംഗങ്ങൾ ബ്ലാങ്ങാട് കടപ്പുറത്ത് ഒത്തുചേർന്നപ്പോൾ.

# ചാവക്കാട് കടൽത്തീരം ശുചീകരിച്ചു; ലഭിച്ചത് 120 കിലോ പ്ലാസ്റ്റിക്

ചാവക്കാട്: ലോക സമുദ്രദിനത്തോടനുബന്ധിച്ച് എൽത്തുരുത്ത് സെന്റ് അലോഷ്യസ് കോളജും ചാവക്കാട് മുനിസിപ്പാലിറ്റിയും ഗ്രീൻ ഹാബിറ്റാറ്റിന്റെ സഹകരണത്തോടുകൂടി ചാവക്കാട് കടപ്പുറം പ്ലാസ്റ്റിക് വിമുക്തമാക്കി. ചാവക്കാട് നഗരസഭ ചെയർപേഴ്സൺ ഷീജ പ്രശാന്ത് ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോക്ടർ ചാക്കോ ജോസ്, കോ-ഓർഡിനേറ്റർമാരായ ജയിൻ തേറാട്ടിൽ, എൻ.ജെ. ജെയിംസ് ജയ്സൺ, ജോസ് മെറിൻ ജോയ്, ഫാ. അരുൺ ജോസ് തുടങ്ങിയവർ നേതൃത്വം നൽകി.

ഗ്രീൻ ഹാബിറ്റാറ്റിന്റെ നേതൃത്വത്തിൽ സമുദ്ര പഠന ക്ലാസുകൾ സംഘടിപ്പിച്ചു.

120 കിലോ പ്ലാസ്റ്റിക് കടൽത്തീരത്തുനിന്നു ശേഖരിച്ച് ഹരിതകർമ സേനയ്ക്കു കൈമാറി. സുവോളജി, ബോട്ടണി, എൻഎസ്എസ് വിഭാഗങ്ങളിലെ അമ്പതോളം വിദ്യാർഥികളാണു പങ്കെടുത്തത്.